# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4996 — 14.11.2019-ൽ മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡ് പുനഃസംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 29.03.2019-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ഭവന നിർമ്മാണ ബോർഡിന്റെയും, ഭവന നിർമ്മാണ വകുപ്പിന്റെയും പ്രസക്തി ഇല്ലാതായതിനാൽ അവ നിർത്തലാക്കുന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ പി.ആന്റ്. എ.ആർ.ഡി പ്രിൻസിപ്പൽ സെക്രട്ടറിയെയും ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരുന്നോ; | (എ) ഭവന നിർമ്മാണ വകുപ്പും, സംസ്ഥാന ഭവന നിർമ്മാണ ബോർഡും നിർത്തലാക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിന് സർക്കാർ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) ഇവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഭവന നിർമ്മാണ ബോർഡ് നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാന ഭവനനിർമ്മാണ ബോർഡോ, ഭവന നിർമ്മാണ വകുപ്പോ നിർത്തലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ വായ്പാ പദ്ധതികളോ തനത് നിർമ്മാണ പദ്ധതികളോ ഇല്ലാതെ നിർജ്ജീവാവസ്ഥയിൽ തുടരുന്ന ബോർഡ് പുനസംഘടിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി)-യും (ഡി)-യും | സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി കൊച്ചി മറൈൻ ഡ്രൈവിലുള്ള 17.09 ഏക്കർ ഭൂമിയിൽ ഓഫീസ് കൊമേഴ്സ്യൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും സ്റ്റാർ ഹോട്ടലും സർവ്വീസ് അപ്പാർട്ട്മെന്റ്സും അടക്കമുള്ള അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. മറ്റ് പുതിയ ചുമതലകൾ ഭവനനിർമ്മാണ ബോർഡിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഭവന നിർമ്മാണ ബോർഡിനെ എന്തൊക്കെ ചുമതലകളാണ് ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ